**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1878** **29-07-2021 - ൽ മറുപടിയ്ക്ക്**

**കേരളാ ആട്ടോ മൊബയിൽസ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri. P. Rajeeve** (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളാ ആട്ടോ മൊബയിൽസ് ലിമിറ്റഡ് നിർമ്മിച്ച ഇലക്ട്രിക്ക് ഓട്ടോ വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിച്ച ഇലക്ട്രിക് ഓട്ടോ വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം നിലവിലുണ്ട്. കേരള ആട്ടോമോബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് ഓട്ടോ നിർമിച്ച് വിപണനം നടത്തുന്നതിന് അവശ്യമായ ARAI സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇ ഓട്ടോയുടെ വിപണനത്തിനായി കേരളത്തിലുടനീളം 13 ഡീലർമാരെ നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നിയമിച്ച ഡീലർമാരെ ഏകോപിപ്പിച്ച് ഇ ഓട്ടോയുടെ വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനത്തിന്റെ മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിലും സർവ്വീസ് ഡിപ്പാർട്ട്മെന്റിലും മതിയായ ജീവനക്കാർ ഇല്ലാത്തത് ഇ ഓട്ടോയുടെ വിപണനത്തെ ബാധിക്കുന്നുണ്ട്. കൂടാതെ ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകളുടെ കുറവും ഇ ഓട്ടോയുടെ വിപണനത്തെ ബാധിക്കുന്ന മറ്റൊരു ഘടകമാണ്. മൊത്തവിതരണക്കാരെ നിയമിച്ച് വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്പനി തലത്തിലും സ്വീകരിച്ചു വരുന്നു. |
| (ബി) | മൂന്ന് വർഷമായി കെ. എ. എൽ. എല്ലാവിധ നടപടിക്രമങ്ങളിലൂടെ തുടങ്ങിവച്ച സംയുക്ത സംരംഭങ്ങളായ ഇലക്ട്രിക്കൽ ബസ് സ്വിസർലാൻഡ് കമ്പനിയുമായി (ഹെസ്സ്) ചേർന്നുള്ള ഇലക്ട്രിക് ബസ് നിർമ്മാണം, ജപ്പാൻ കമ്പനിയായ തോഷിബയുമായി ചേർന്നുള്ള ലിഥിയം ടൈറ്റാനിയം ബാറ്ററി നിർമ്മാണം, ലോഡ്സ്മാർക്ക് ഇൻഡസ്ട്രീസുമായി ചേർന്നുള്ള ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മാണം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (ബി) | 2019-20 സാമ്പത്തികവർഷം ഇ-ടെൻഡർ നടപടികളിലൂടെ തുടങ്ങിവച്ച സ്വിറ്റ്സർലാന്റിലെ ഹെസ്സ് (HESS) കമ്പനിയുമായി ചേർന്നുള്ള ബസ് നിർമ്മാണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. സർക്കാരിന്റെ ഇലക്ട്രിക്ക് വെഹിക്കിൾ നയത്തിന്റെ ഭാഗമായി ഇലക്ട്രിക്ക് സ്കൂട്ടറിന്റെ വിപണനസാധ്യത പരിഗണിച്ചും കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഇവ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ ഇല്ലാത്തതിനാലും ഒരു സംയുക്ത സംരംഭമായി ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മിക്കുവാനുള്ള ഒരു Joint |

| | | | |
|---|---|---|---|
| | | | Venture കമ്പനി ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി ഇ-ടെൻഡർ നടപടികളിലൂടെ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് എന്ന കമ്പനിയെ Joint Venture കമ്പനിയുടെ പാർട്ട്ണറായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസുമായി MOU ഒപ്പ് വയ്ക്കുന്നതിന് കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കേരള ആട്ടോമോബൈൽസ് ലിമിറ്റഡും ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന തോഷിബയുമായി ചേർന്ന് ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് തോഷിബയെ ടെക്നോളജി പാർട്ട്ണറായി നിലനിർത്തി ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്ന സാധ്യതകൾ പരിശോധിച്ച് വിശദമായ ഡി.പി.ആർ. സർക്കാരിന് സമർപ്പിക്കുവാൻ കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി സർക്കാർ തലത്തിൽ ഏതൊക്കെത്തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചതെന്നും നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (സി) | 2019-20 സാമ്പത്തികവർഷം ഇ-ടെൻഡർ നടപടികളിലൂടെ തുടങ്ങിവച്ച സ്വിറ്റ്സർലാന്റിലെ ഹെസ്സ് (HESS) കമ്പനിയുമായി ചേർന്നുള്ള ബസ് നിർമ്മാണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. സർക്കാരിന്റെ ഇലക്ട്രിക്ക് വെഹിക്കിൾ നയത്തിന്റെ ഭാഗമായി ഇലക്ട്രിക്ക് സ്കൂട്ടറിന്റെ വിപണനസാധ്യത പരിഗണിച്ചും കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഇവ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ ഇല്ലാത്തതിനാലും ഒരു സംയുക്ത സംരംഭമായി ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മിക്കുവാനുള്ള ഒരു Joint Venture കമ്പനി ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി ഇ-ടെൻഡർ നടപടികളിലൂടെ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് എന്ന കമ്പനിയെ Joint Venture കമ്പനിയുടെ പാർട്ട്ണറായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസുമായി MOU ഒപ്പ് വയ്ക്കുന്നതിന് കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കേരള ആട്ടോമോബൈൽസ് ലിമിറ്റഡും ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന തോഷിബയുമായി ചേർന്ന് ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി |

| | | | |
|---|---|---|---|
| | | | സർക്കാർ പരിശോധിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് തോഷിബയെ ടെക്നോളജി പാർട്ട്ണറായി നിലനിർത്തി ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്ന സാധ്യതകൾ പരിശോധിച്ച് വിശദമായ ഡി.പി.ആർ. സർക്കാരിന് സമർപ്പിക്കുവാൻ കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ